## 1209

1 ജീവന്റെ ഉറവിടമേ എന്റെ ആശ്രയസങ്കേതമേ!
ജീവന്റെ പുതുക്കത്തിൽ ഞാൻ ദിനം നടക്കുവാൻ കൃപതരിക

കൃപതരിക കൃപതരിക ദിനംതോറും തന്നിടുക
ഈ ഘോരഭൂവിൽ യാത്ര ചെയ്‌വാൻ ദൈവകൃപതരിക

2 ശാശ്വതപർവ്വതവും എന്റെ ആശ്വാസസങ്കേതവും
കണ്ണുകളുയർത്തിക്കൊണ്ട് പ്രിയാ നിന്നെ ഞാൻ നോക്കിടുന്നു-

3 കഷ്ടതഭാരങ്ങളും എന്റെ ജീവിതത്തെ അലച്ചാൽ
പതറാതെ മുന്നേറുവാൻ ഈ മരുവിൽ നിൻകൃപ തരിക-

4 ജീവിതപാതകളിൽ എന്റെ കാലുകൾ വഴുതിടാതെ
അന്ത്യം വരെ ഗമിപ്പാൻ നിന്റെ അമിതബലം തരിക- **O.C.**